**പതിനാലാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 122** — **26.09.2016-ൽ മറുപടിക്ക്**

## നാദാപുരം മണ്ഡലത്തിലെ അക്രമ സംഭവങ്ങൾ

| **ചോദ്യം**<br>**ശ്രീ.സി. മമ്മൂട്ടി** | **മറുപടി**<br>**ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** |
|---|---|
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാദാപുരം മണ്ഡലത്തിൽ കൊലപാതകമുൾപ്പെടെ എത്ര അക്രമ സംഭവങ്ങൾ റിപ്പോർട്ടു ചെയ്തിട്ടുണ്ടെന്നും എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും അതിൽ എത്ര പ്രതികളെ അറസ്റ്റു ചെയ്തിട്ടുണ്ടെന്നും വെളിപ്പെടുത്താമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാദാപുരം മണ്ഡലത്തിൽ ഒരു കൊലപാതക കേസും അക്രമസംഭവങ്ങളുമായി ബന്ധപ്പെട്ട് 54 കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൊലപാതക കേസിൽ 6 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. അക്രമ സംഭവങ്ങളുമായി ബന്ധപ്പെട്ട് ആരെയും അറസ്റ്റ് ചെയ്തിട്ടില്ല. |
| (ബി) പ്രസ്തുത കേസുകളിലെ പ്രതികളുടെ രാഷ്ട്രീയ പശ്ചാത്തലം വെളിപ്പെടുത്താമോ; | (ബി) കേസുകൾ ഇപ്പോൾ അന്വേഷണാവസ്ഥയിലാണ്. അന്വേഷണം പൂർത്തിയായാൽ മാത്രമേ കൂടുതൽ വിവരങ്ങൾ വെളിവാകുകയുള്ളൂ. |
| (സി) പ്രസ്തുത കേസുകളിലെ എത്ര പ്രതികൾ വിദേശത്തേക്ക് രക്ഷപ്പെട്ടിട്ടുണ്ടെന്നും അവരെ അറസ്റ്റു ചെയ്യാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വെളിപ്പെടുത്താമോ? | (സി) കേസുകൾ അന്വേഷണാവസ്ഥയിലാണ്. കേസുകളിൽ ഉൾപ്പെട്ട എല്ലാ പ്രതികളെയും തിരിച്ചറിഞ്ഞിട്ടില്ല. പ്രതികളെ കണ്ടെത്തി അറസ്റ്റ് ചെയ്യുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**